**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 36** | **10-06-2024 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി സംവേദ പ്രദേശങ്ങളുടെ പുനർനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പരിസ്ഥിതി സംവേദ പ്രദേശങ്ങൾ സംബന്ധിച്ച കരട് വിജ്ഞാപനം തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല പരിശോധന സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് ജില്ലയിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങൾ പുനർനിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പുനർ നിർണ്ണയിച്ചിട്ടുണ്ട്.<br><br>06.07.2022-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം പരിയാരം വില്ലേജ് ESA-യിൽ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ വില്ലേജ് അതിർത്തി സൂചിപ്പിക്കുന്നത് പരിയാരം വില്ലേജിലെ 708.42 ചതുരശ്ര കിലോമീറ്റർ ESA ആണെന്നാണ്. നിലവിൽ പരിയാരം വില്ലേജ് പരിയാരം, അതിരപ്പള്ളി എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. രണ്ടു വില്ലേജുകളുടെയും ആകെ വിസ്തീർണ്ണം 690.35 ചതുരശ്ര കിലോമീറ്റർ ആണ്. |
| (ബി) | എങ്കിൽ പുനർനിർണ്ണയം അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ പരിസ്ഥിതി സംവേദ പ്രദേശമായി കണക്കാക്കിയിട്ടുള്ള പ്രദേശങ്ങളുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ; | (ബി) | പുനർനിർണയം അനുസരിച്ച് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പള്ളി വില്ലേജിന്റെ ആകെ വിസ്തീർണ്ണം 34859 ഹെക്ടറും അതിൽ 34062.31 ഹെക്ടർ ഇ.എസ്.എ-യും ആണ്.<br><br>തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ പരിയാരം വില്ലേജിന്റെ ആകെ വിസ്തീർണ്ണമായ 34175.76 ഹെക്ടറിൽ 30295.27 ഹെക്ടർ ഇ.എസ്.എ. ആണ് |
| (സി) | പുനർനിർണ്ണയത്തിൽ ഒഴിവാക്കപ്പെട്ട/കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളുണ്ടോ; വിശദമാക്കുമോ? | (സി) | ജില്ലാതല സൂക്ഷ്മപരിശോധനാ കമ്മിറ്റി അംഗീകരിച്ചതിൻ പ്രകാരം റവന്യൂ അധികാരികൾ വില്ലേജ് അതിർത്തിയിൽ തിരുത്തൽ വരുത്തിയതിനെ തുടർന്നാണ് പുനർനിർണയത്തിൽ വില്ലേജിന്റെ വിസ്തൃതി കുറഞ്ഞിരിക്കുന്നത്. സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖല, കൃഷിഭൂമികൾ എന്നിവ ഉൾപ്പെടുന്ന സാംസ്കാരിക ഭൂപ്രകൃതിയെ ഇ.എസ്.എ.-യിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുകയും വനം വകുപ്പിന്റെ കൈവശമുള്ള ശേഷിക്കുന്ന പ്രദേശങ്ങൾ ഇ.എസ്.എ. ആയി വേർതിരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ